**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 348** **08-06-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന റോഡ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | **Shri K N Balagopal** (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ ഉൾപ്പെടുത്തി ഇരിക്കൂർ നിയോജക മണ്ഡലത്തിൽ എത്ര റോഡുകൾക്ക് ഇതുവരെ അനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത റോഡുകളുടെ പേരുവിവരം അറിയിക്കാമോ; | (എ) | ഇരിക്കൂർ നിയോജക മണ്ഡലത്തിൽ ചുവടെ പറയുന്ന മൂന്ന് റോഡ് പദ്ധതികൾക്ക് കിഫ്ബി ധനാനുമതി നൽകിയിട്ടുണ്ട്. 1) ഉളിക്കൽ - തേർമ്മല – കാഞ്ഞിലേരി കണിയാർവയൽ റോഡ് കി.മീ0/000 മുതൽ 18/000 വരെ. (ടി പദ്ധതി ഇരിക്കൂർ, മട്ടന്നൂർ എന്നീ നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെടുന്നു). 2) മലപ്പട്ടം പറമ്പ –കണിയാർ വയൽ - അഡുവാപ്പുറം – പാവന്നൂർ മൊട്ട റോഡ് കി.മീ0/000 മുതൽ 12/950 വരെ (ടി പദ്ധതി തളിപ്പറമ്പ, ഇരിക്കൂർ, മട്ടന്നൂർ എന്നീ നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെടുന്നു). 3) ശ്രീകണ്ഠപുരം- ചെമ്പൻതൊട്ടി – നടുവിൽ റോഡ് 0/000 മുതൽ 9/760 വരെ. |
| (ബി) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന ശ്രീകണ്ഠാപുരം - ചെമ്പൻതൊട്ടി - നടുവിൽ റോഡ് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (ബി) | ശ്രീകണ്ഠപുരം- ചെമ്പൻതൊട്ടി – നടുവിൽ റോഡ് പദ്ധതിക്ക് 04/08/2020 ൽ കിഫ്ബി 31.91 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ സാങ്കേതികാനുമതിക്കായി ടി.എസ് എസ്റ്റിമേറ്റ് 03/02/2021 ലെ ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിക്കുകയും കമ്മിറ്റിയുടെ നിർദേശങ്ങൾ ഉൾക്കൊള്ളിച്ച് പുതുക്കിയ ടി.എസ്. എസ്റ്റിമേറ്റ് വീണ്ടും കമ്മിറ്റി മുൻപാകെ സമർപ്പിക്കുന്നതിനായി തയ്യാറായിട്ടുമുണ്ടെന്ന് ഭരണവകുപ്പ് നിയമിച്ച എസ്.പി.വി യിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കണിയാർവയൽ- കാഞ്ഞിലേരി - തിരൂർ - ഉളിക്കൽ റോഡിന്റെ പ്രവർത്തി ഏത് ഘട്ടത്തിലാണെന്നും എന്നേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും അറിയിക്കാമോ? | (സി) | ഉളിക്കൽ - തേർമ്മല – കാഞ്ഞിലേരി കണിയാർ വയൽ റോഡ് പദ്ധതിയുടെ ആകെയുള്ള 18 കി.മീറ്ററിൽ 12.കി.മീറ്റർ ദൂരം ഡി.ബി.എം. പൂർത്തിയായിട്ടുണ്ട്. കൾവേർട്ടുകളും ഡ്രെയിനേജുകളും സംരക്ഷണ ഭിത്തികളും 80% പൂർത്തീകരിച്ചിട്ടുണ്ട്. 2022 മാർച്ച് മാസം പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി എസ്.പി.വി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ